**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2101** **01-09-2022 - ൽ മറുപടിയ്ക്ക്**

**മായം കലർത്തിയ പാൽ പിടികൂടുന്നതിനുള്ള സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | അതിർത്തി ചെക്ക് പോസ്റ്റുകളിലൂടെ സംസ്ഥാനത്തേക്ക് വൻതോതിൽ രാസവസ്തുക്കൾ ഉൾപ്പെടെയുള്ള മായം കലർത്തിയ പാൽ കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഇത് പരിശോധിച്ച് കണ്ടെത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പിന് പര്യാപ്തമായ സംവിധാനം നിലവിലുണ്ടോ; | (എ) | മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഉൾപ്പടെ സംസ്ഥാനത്തേക്ക് വരുന്ന പാലിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള അനലറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തി ഗുണനിലവാരം ഇല്ലാത്തതും മായം കലർന്നതുമാണെന്ന് കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം , 2006 പ്രകാരം നിയമ നടപടികൾ സ്വീകരിച്ചു വരുന്നു . ആകെ **5556** പരിശോധനകൾ നടത്തുകയും **617** സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും **1818** സർവ്വയിലൻസ് സാമ്പിളുകളും ശേഖരിക്കുകയും ചെയ്തിട്ടുണ്ട് . ഇത്തരത്തിൽ ശേഖരിച്ച സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളിൽ **34** എണ്ണം **unsafe** ആയും **9** എണ്ണം **Substandard** ആയും ലാബ് പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. ഇതിന്റെ തുടർ നടപടി എന്ന നിലയിൽ കുറ്റക്കാർക്കെതിരെ **25** പ്രോസിക്യൂഷൻ കേസുകളും **7** അഡ്ജ്യൂഡിക്കേഷൻ കേസുകളും കോടതികളിൽ ഫയൽ ചെയ്തിട്ടുണ്ട് . കൂടാതെ **5** എണ്ണം പ്രോസിക്യൂഷൻ കേസ് ഫയൽ ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു . |
| (ബി) | മായം ചേർത്ത പാൽ പിടികൂടാൻ ഭക്ഷ്യസുരക്ഷാ വകുപ്പ് എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; എല്ലാ ചെക്ക് പോസ്റ്റുകളിലും പരിശോധന ഉറപ്പാക്കിയിട്ടുണ്ടോ; | (ബി) | മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഉൾപ്പടെ കൊണ്ട് വരുന്ന പാലിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള അനലറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തി ഗുണനിലവാരം ഇല്ലാത്തതും മായം കലർന്നതുമാണെന്ന് കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം , **2006** പ്രകാരം നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട് . ഓണവുമായി ബന്ധപ്പെട്ട് ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ച് പ്രത്യേക പരിശോധനകൾ ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തുന്നുണ്ട് . |

| | | | |
|---|---|---|---|
| (സി) | ഓണ വിപണി ലക്ഷ്യമാക്കി വൻതോതിൽ വ്യാജ പാൽ എത്തിച്ചേരുന്ന സാഹചര്യത്തിൽ ജനങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കാനായി സംസ്ഥാന വ്യാപകമായി പരിശോധനയ്ക്ക് സ്ക്വാഡിനെ നിയോഗിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഓണത്തോടനുബന്ധിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പ് ജനങ്ങൾക്ക് സുരക്ഷിതവും ശുചിത്വമുള്ളതുമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ആഗസ്റ്റ് 29 മുതൽ സെപ്റ്റംബർ 6 വരെ എല്ലാ ജില്ലകളിലും സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ചെക്ക് പോസ്റ്റുകൾ ഉൾപ്പെടെ സ്ഥലങ്ങളിൽ പരിശോധന നടത്തുന്നതിന് വിപുലമായ സംവിധാനം ഒരുക്കിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ